**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കാലടി ഗ്രാമ പഞ്ചായത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി രാജലക്ഷ്മി. എം.എൻ നെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 173/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 28/01/2019**

---

പരാമർശം : 1. സ.ഉ(പി) 501/05/ഫിൻ തീയതി 25/11/2005

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.02.2018 ലെ OA(Ekm) 1760/2016 നമ്പർ ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 04.06.2018 ലെ ഇ 9-1962/17 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി. രാജലക്ഷ്മി. എം.എൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (Ekm) 1760/2016 നം. അപേക്ഷയിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ Annexure MA1 നിവേദനത്തിന്മേൽ അപേക്ഷകയെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളുന്നതിന് നിർദേശിച്ചു. കാലടി ഗ്രാമപഞ്ചായത്തിൽ 26/12/2005 ന് കാഷ്വൽ സ്വീപ്പർ തസ്തികയിൽ നിയമിക്കപ്പെട്ട ടിയാൾ ഇപ്പോഴും പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുകയാണെന്നും പരാമർശം (1) ഉത്തരവ് പ്രകാരം 25/11/2005 നും അതിനു മുമ്പും സേവനത്തിൽ പ്രവേശിച്ചവരുടെ സേവനം ക്രമവൽക്കരിച്ചു നൽകിയെങ്കിലും താൻ 26/12/2005 ൽ സേവനത്തിൽ പ്രവേശച്ചതിനാൽ തന്റെ സേവനം ക്രമവൽക്കരിച്ചു നൽകിയിട്ടില്ലെന്നും 48 വയസ്സ് പ്രായവും സാമ്പത്തികമായി കഷ്ടത അനുഭവിക്കുന്ന കുടുംബത്തിലെ ഒ. ബി. സി വിഭാഗത്തിൽപ്പെട്ട അവിവാഹിതയാണ് താനെന്നും ആയിതനാൽ പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള 25/11/2005 ൽ സേവനത്തിൽ ഉണ്ടാവണം എന്ന നിബന്ധനയിൽ നിന്നും സേവനകാലം ഇളവ് നൽകി ടിയാന്റെ സേവനം സ്ഥിരപ്പെടുത്തി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ച് കൊണ്ട് ടിയാൾ സമർപ്പിച്ച നിവേദനമാണ് Annexure MA1.

ബഹു. ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷയെ നേരിൽ കേട്ട ടി അവസരത്തിലും മേൽ വിവരങ്ങൾ തന്നെ അപേക്ഷക ആവശ്യപ്പെട്ടു. പരാമർശം (1) ഉത്തരവിൽ 25/11/2005 നോ അതിനു മുമ്പോ സേവനത്തിൽ പ്രവേശിച്ചവരുടെ സേവനം ക്രമവൽക്കരിച്ചു നൽകാനാണ് വ്യവസ്ഥ ചെയതിരുന്നതെന്നും 26/12/2005 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. രാജലക്ഷ്മിയുടെ നിയമനം ക്രമവൽക്കരിക്കാൻ സാധിക്കില്ലായെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിരുന്നുവെന്നും 05/03/2016 ലെ 19/2016/ധന നമ്പർ സർക്കുലറിൽ ദിവസവേതന സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കരുതെന്ന് ധനവകുപ്പ് നിഷ്കർഷിച്ചിരുന്നതിനാലാണ് ടിയാളെ

സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കാതിരുന്നത് എന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (1) ഉത്തരവ് അനുസരിച്ച് ഉത്തരവ് തീയതിയായ 25/11/2005 ൽ 100 ച. മീ മുകളിൽ സ്വീപ്പിംങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തീയതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ശ്രീമതി. രാജലക്ഷ്മി കാലടി ഗ്രാമപഞ്ചായത്തിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ 26/12/2005 മുതൽ മാത്രമാണ് ജോലി നോക്കി വരുന്നതെന്നതിനാൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ കഴിയില്ല

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി. രാജലക്ഷ്മി. എം.എൻ നെ സ്ഥിരപ്പെടുത്തണമെന്ന Annexure MA1 നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ടും പരാമർശം (2) ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി. രാജലക്ഷ്മി. എം.എൻ, കാഷ്വൽ സ്വീപ്പർ , കാലടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
(കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.

സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. DEV-1/302/2018/FIN. തീയതി 03.12.2018 പ്രകാരം).

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/6/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Daniya M

സെക്ഷൻ ഓഫീസർ